പതിമൂന്നാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2011-2014)

**മൂന്നാമത് റിപ്പോർട്ട്**

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 പ്രകാരം അച്ചടിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും വിതരണം ചെയ്യുന്നതിനും 2013 നവംബർ 12-ാം തീയതി ബഹു. നിയമസഭാദ്ധ്യക്ഷൻ അനുമതി നൽകി)

**മലയാളഭാഷ നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2011–2014)

**മൂന്നാമത് റിപ്പോർട്ട്**

**മലയാളഭാഷ നിയമനിർമ്മാണം നടത്തേണ്ടതിന്റെ
ആവശ്യകത സംബന്ധിച്ച് സമിതിയുടെ ശിപാർശകളും
നിർദ്ദേശങ്ങളും അടങ്ങിയ റിപ്പോർട്ട്**

1207/2013.

<u>ഉള്ളടക്കം</u>


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും | .. | 14 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
(2011-2014)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പാലോട് രവി

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. ആർ. രാജേഷ്

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി.
ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി.
ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ബഹു. നിയമസഭാദ്ധ്യക്ഷന്റെ അനുമതിയോടെ പ്രസിദ്ധീകരിക്കുന്നു.

2013 ഒക്ടോബർ 30-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

പാലോട് രവി,
*അദ്ധ്യക്ഷൻ,*
*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2013 നവംബർ 12.

## റിപ്പോർട്ട്

1. മാതൃഭാഷയിലുള്ള ആശയവിനിമയത്തിലൂടെ മാത്രമേ ഒരാൾക്ക് തന്റെ അന്തർഗതം പരിപൂർണ്ണമായി വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളു. പ്രസ്തുത ചിന്ത മനസ്സിൽ വേരൂന്നിയാൽ മാത്രമേ നമുക്ക് മാതൃഭാഷയോടുള്ള പ്രതിപത്തിയും സ്നേഹവും ബഹുമാനവും അതുവഴി ഭാഷാ നൈപുണ്യവും ഉണ്ടാകുകയുള്ളൂ. ഭരണഘടനയുടെ 343-351 വരെയുള്ള അനുച്ഛേദങ്ങളിലാണ് ഭരണഭാഷയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളത്. ഭരണഘടനയുടെ 345-ാം അനുച്ഛേദത്തിൽ പ്രാദേശിക ഭാഷകൾക്ക് ഭരണഭാഷാ പദവി നല്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ചുവടുപിടിച്ചാണ് സംസ്ഥാന ഭാഷയായ മലയാളത്തെ ഭരണഭാഷയാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ 1957-ൽ ആരംഭിച്ചത്. ഭരണരംഗത്ത് മലയാളഭാഷ ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠിച്ച ശ്രീ. കോമാട്ടിൽ അച്ചുതമേനോൻ അദ്ധ്യക്ഷനായ സമിതി 1958-ൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഓഫീസുകളിൽ നിർദ്ദിഷ്ടമായ ആവശ്യങ്ങൾക്ക് മലയാളം ഭരണഭാഷയായി ഉപയോഗിക്കണമെന്ന് അനുശാസിച്ചുകൊണ്ട് 1965 ഒക്ടോബർ 19-ാം തീയതി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഭരണഘടനയുടെ 345-ാം അനുച്ഛേദം അനുശാസിക്കുന്നപ്രകാരം 1969-ൽ നിലവിൽവന്ന കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണം) ആക്ട് പ്രകാരം മലയാളമോ ഇംഗ്ലീഷോ കേരളത്തിൽ നിയമനിർമ്മാണരംഗത്ത് ഔദ്യോഗിക ഭാഷയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു.

2. 1973-ലെ ഭേദഗതി പ്രകാരം കേരള ഔദ്യോഗിക ഭാഷകൾ ആക്ട് 1969 നിയമത്തിലെ '1എ' വകുപ്പ് അനുസരിച്ച് ഭരണഘടനയിലെ 346, 347-ാം അനുച്ഛേദങ്ങൾ അനുശാസിക്കുന്നപ്രകാരം മലയാളവും ഇംഗ്ലീഷും കേരളത്തിലെ ഔദ്യോഗിക ഭാഷകളായി. ഔദ്യോഗിക ആവശ്യങ്ങൾക്ക് ഇംഗ്ലീഷോ മലയാളമോ ഉപയോഗിക്കാൻ അനുശാസിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പ്രസ്തുത നിയമത്തിലെ '1ബി' വകുപ്പ് സർക്കാരിന് അധികാരം നല്കിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

3. ഭരണഭാഷ മലയാളമാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 2003 ജൂൺ 27-ന് കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി നിലവിൽവന്നു. 'ഭരണഭാഷ-മാതൃഭാഷ' എന്ന ആശയത്തിന്റെ അകമ്പടിയോടെ ഭരണരംഗത്ത് ഔദ്യോഗിക ഭാഷാ പ്രയോഗ പുരോഗതി ആത്യന്തികമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത വേളയിൽ മലയാളഭാഷാ സംസ്കൃതിക്ക് ലഭിച്ച ഒരു സുവർണ്ണരേഖയാണ് ശ്രേഷ്ഠഭാഷാപദവി.

4. ഏതൊരു ഭാഷയും വളരുന്നത് പ്രയോജനപരതയിലൂടെയാണ്. ദേശീയ-അന്തർദ്ദേശീയതലങ്ങളിൽ ജീവിതത്തിനും തൊഴിലിനും നിദാനമായ സൂചികയായി ഭാഷ മാറിയെങ്കിൽ മാത്രമേ അതിന് വളർച്ച ഉണ്ടാവുകയുള്ളു. കേരളീയരുടെ സമസ്ത ജീവിതമേഖലകളിലും ഭാഷാപ്രയോഗം ഉപയോഗക്ഷമമാകുമ്പോഴാണ് യഥാർത്ഥത്തിൽ മലയാളം ശ്രേഷ്ഠഭാഷയായിത്തീരുക.

1207/2013.

5. ഭാഷാപോഷണവും ഭരണഭാഷാമാറ്റവും ത്വരിതഗതിയിൽ നടന്നിട്ടുള്ള സംസ്ഥാനങ്ങളാണ് അയൽസംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവും. ഈ സംസ്ഥാനങ്ങളിൽ എല്ലാംതന്നെ ഭരണഭാഷാമാറ്റത്തെ പ്രധാനമായും നിയന്ത്രിക്കുന്ന ഘടകങ്ങളായ രാഷ്ട്രീയ ഇച്ഛാശക്തി, ഉദ്യോഗസ്ഥരുടെ പരിശ്രമം, ബഹുജനങ്ങളുടെ സഹകരണം, മാധ്യമ പങ്കാളിത്തം എന്നിവ യോജിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്ന് നമുക്ക് കാണാൻകഴിയും.

6. 1973-ലെ ഭേദഗതിക്കുശേഷം പ്രസ്തുത ഭേദഗതി അടിസ്ഥാനമാക്കിയുള്ള മറ്റ് പ്രവർത്തനങ്ങൾ അല്ലാതെ ഭരണഭാഷ/മാതൃഭാഷ സംബന്ധിച്ച നിയമനിർമ്മാണങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. നിയമനിർമ്മാണ മേഖല, ഔദ്യോഗിക ഭാഷാമേഖല, ന്യൂനപക്ഷ ഭാഷാമേഖല എന്നിവ മാത്രമാണ് 1973-ലെ ഭേദഗതിയിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യവസ്ഥകൾതന്നെ തുലോം ദുർബലമാണെന്ന് സമിതി വിലയിരുത്തുന്നു. അവ സുദൃഢപ്പെടുത്തുന്നതോടൊപ്പം ഭാഷാസംബന്ധിയായ സമസ്ത മേഖലകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര നിയമനിർമ്മാണം ഉണ്ടാകണമെന്ന് സമിതി ആഗ്രഹിക്കുന്നു. ബോധന മേഖല, നീതിനിർവ്വഹണ മേഖല, നിയമപരിപാലന മേഖല, ഭരണ മേഖല, ഭാഷാപരിപോഷണ മേഖല, പര്യവേക്ഷണ-ഗവേഷണ മേഖലകൾ തുടങ്ങി നാനാവിധത്തിലും മാതൃഭാഷാപരിപോഷണത്തിനും പരിപാലനത്തിനും ഊന്നൽ നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാകണം നിയമനിർമ്മാണമെന്ന് സമിതി വിവക്ഷിക്കുന്നു. എന്നാൽ ഭാഷാമേൽക്കോയ്മകൾക്കും തീവ്രവാദങ്ങൾക്കും ഇടനൽകാത്തതും ഭാഷാമേഖലയിൽ സമത്വവും സഹവർത്തിത്വവും ഉറപ്പിക്കുന്നതുമായിരിക്കണം പ്രസ്തുത നിയമനിർമ്മാണമെന്ന് സമിതി ആഗ്രഹിക്കുന്നു. പ്രസ്തുത നിയമനിർമ്മാണംവഴി ഭരണത്തിന്റെ സുതാര്യത ഉറപ്പാക്കുവാൻ കഴിയുമെന്നും വികസനത്തിന്റെ മേഖലകളും ഭരണത്തിന്റെ പ്രയോജനങ്ങളും സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനാകുമെന്നും എല്ലാതലങ്ങളിലുമുള്ള ജനങ്ങളെ ഇതുവഴി ഭരണപങ്കാളികളാക്കുന്നതിന് സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

**ബോധനമേഖല**

7. അറിവ് പ്രയോഗത്തിലെത്തണമെങ്കിൽ ബോധനം മാതൃഭാഷയിൽ ആയിരിക്കേണ്ടതാണ്. മറ്റു ഭാഷകളിൽക്കൂടി ലഭിക്കുന്ന അറിവ് താത്ത്വികം മാത്രമാകുന്നു. അറിവ് സമൂഹം ഉൾക്കൊണ്ടാൽ മാത്രമേ പുരോഗതിയുണ്ടാകൂ. അറിവ് ഉൽപ്പന്നമായും ഉൽപ്പാദനമായും മാറുമ്പോഴാണ് വികസനം സാധ്യമാകുന്നത്. മാതൃഭാഷയിൽകൂടിയുള്ള ബോധനവും പഠനവും മാത്രമാണ് അതിനുള്ള പോംവഴി. സാമൂഹിക പരിവർത്തനത്തിന് ഏറ്റവും ശക്തമായ മാധ്യമമായി നിലകൊള്ളുന്നത് പ്രാദേശികഭാഷയിൽ നേടുന്ന ജ്ഞാനമാണ്. അന്യഭാഷയിലൂടെയുള്ള അറിവ് വ്യക്തിതലത്തിൽമാത്രം ഒതുങ്ങുമ്പോൾ മാതൃഭാഷയിൽക്കൂടിയുള്ള വിദ്യാഭ്യാസം സാമൂഹികതലത്തെ ഉൾക്കൊള്ളുന്നു, മൗലികചിന്തയെ വളർത്തുന്നു.

8. ചിന്തയുടെ ക്രോഡീകരണം തന്നെയാണ് ഭാഷ. "വാഗാർത്ഥ വിവ സംപൃക്തൗ" ചിന്തകളിൽ നിന്ന് മാത്രമേ അറിവ് പുതിയ ചക്രവാളങ്ങളിലേക്ക് വികസിക്കൂ. പഠനത്തിലൂടെയാണ് ചിന്തകൾക്ക് വികാസം കൈവരുന്നത്. ചിന്തകളുടെ

ആ വികാസം വ്യക്തിപുരോഗതിക്കും സാമൂഹികപുരോഗതിക്കും ഒരുപോലെ നിദാനമാകുന്നതാണ്. അറിവിനെ പിൻതുടർന്നുള്ള ചിന്തകൾക്കായി കുട്ടികളുടെ തലച്ചോറിലെ നൈപുണികൾ വികസിപ്പിച്ചെടുക്കണം. അവ വികസിച്ചാൽ മാത്രമേ ഒരു ദൃശ്യാനുഭവത്തിലെ കാഴ്ചയിൽ നിന്ന് ഉൾക്കാഴ്ചയിലേക്ക് പരിവർത്തനം സംഭവിക്കൂ. ഇതിനെല്ലാം മാതൃഭാഷയിൽ ഉള്ള ബോധനം അത്യാവശ്യമാണ്. "പാത്രം നിറയ്ക്കലല്ല വിദ്യാഭ്യാസം; നേരെമറിച്ച് ഉള്ളിലുള്ള അഗ്നിയെ ജ്വലിപ്പിക്കലാണ്;" മഹാചിന്തകനായ സോക്രട്ടീസിന്റെ ഈ വാക്യം വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യത്തെ ഭംഗിയായി നിർവ്വചിച്ചിരിക്കുന്നു. ഇംഗ്ലീഷ് സ്കൂളുകൾക്ക് നമ്മുടെ ജനതയുടെ ജീവിതത്തിന്റെ ഉപരിതലത്തിൽ സ്പർശിക്കാൻ മാത്രമേ സാധിക്കൂ. നമ്മുടെ ചിന്തകളുടെ ആഴത്തിലേക്കെത്താൻ അവയ്ക്ക് കഴിയില്ല. വിജ്ഞാനം മനസ്സിലും ചര്യകളിലും ദൃഢമായി വേരൂന്നുന്നതിന് മാതൃഭാഷയാണ് ഉചിതമായ മാധ്യമം. പഠനത്തിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ബൗദ്ധിക തടസ്സം തന്നെയാണ്. ആകയാൽ വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും മാതൃഭാഷ തുല്യ അളവിൽ പഠിക്കാൻ കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അവസരം നൽകാൻ ഉതകുന്ന വിദ്യാഭ്യാസനയം രൂപീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വിദ്യാർത്ഥിയുടെ സർഗ്ഗാത്മകശേഷി ചിറകുവിടർത്തുന്നത് വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. മാതൃഭാഷാപഠനം ഉറപ്പാക്കുന്നത് വിദ്യാർത്ഥികളുടെ സർഗ്ഗശേഷി പ്രകാശിപ്പിക്കുന്ന തിനും അതുവഴി മാതൃഭാഷയുടെ വികസനത്തിനും വഴിതെളിയിക്കുന്നു. സംസ്ഥാ നത്തെ എല്ലാ പ്രീപ്രൈമറി/പ്ലേ/നഴ്സറി/അംഗൻവാടി സ്കൂളുകളിലെയും ബോധന മാധ്യമം നിർബന്ധമായും മലയാളത്തിലായിരിക്കണം. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സുമുതൽ ഹയർ സെക്കണ്ടറിതലംവരെ മലയാളം നിർബന്ധ ഒന്നാം ഭാഷയായിരിക്കണം. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./മറ്റ് ബോർഡുകൾ/കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ മലയാളം നിർബന്ധ വിഷയമാക്കാൻ യത്നിക്കേണ്ടതാണ്. സംസ്ഥാനത്തെ സാങ്കേതിക സ്കൂളുകളിലെ പഠനമാധ്യമം മലയാളമാക്കുകവഴി പ്രാദേശിക സാങ്കേതിക വിദ്യകളുടെ പഠനവും വികസനവും പ്രാപ്തമാക്കാമെന്ന് സമിതി പ്രത്യാശിക്കുന്നു.

9. കേരളത്തിലെ കോളേജുകളിൽ ഏതു വിഷയത്തിലെയും ബിരുദതലത്തിൽ ഇംഗ്ലീഷ് ഇപ്പോൾ നിർബന്ധ ഒന്നാം ഭാഷയാണ്. ഇവയോടൊപ്പം മാതൃഭാഷയും ഒരു വിഷയമായി അടുത്ത അദ്ധ്യയനവർഷംമുതൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ പ്രൊഫഷണൽ കോളേജുകളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കേണ്ടതാണ്.

10. 'നേരാം വണ്ണം ചൊല്ല്' ഉറയ്ക്കുന്നതിന് മുമ്പുതന്നെ വിദേശഭാഷ കുഞ്ഞുങ്ങളിൽ അടിച്ചേൽപ്പിക്കുക മാത്രമല്ല തൊട്ടിൽമുതൽ കട്ടിൽവരെ ഒരു മനുഷ്യനോടൊപ്പ മുള്ള മാതൃഭാഷയെ നിഷേധിക്കുകയും ചെയ്യുന്നു. മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി അത് തങ്ങളുടെ രാജ്യത്തിൽ ബോധനമാധ്യമമായി സ്വീകരിച്ച് ലോക രാജ്യങ്ങളുടെ മുൻപന്തിയിലേക്ക് വളർന്നുകഴിഞ്ഞ ജപ്പാന്റെ മാതൃക നമുക്ക് മാർഗ്ഗദർശനമാകണം. വിദ്യാഭ്യാസമാധ്യമം മാതൃഭാഷയായി മാത്രം നിർവ്വചിച്ചതു കൊണ്ട് പുതിയ വിജ്ഞാനമേഖല ജപ്പാനിലെ കുട്ടികൾക്ക് അന്യമായതേയില്ല. ദേശത്തിന്റെ വികസന അടിസ്ഥാനം അതിന്റെ ജനതയുടെ അറിവാണ്. വികസനത്തിന്റെ പൂർണ്ണത സമൂഹം ആർജ്ജിക്കുന്ന വിദ്യാഭ്യാസത്തെ ആസ്പദമാക്കിയാണ്.

അതിനൊറ്റ വഴിയേയുള്ളു പഠനം മാതൃഭാഷയിലാകണം. നിലവിലെ ഔദ്യോഗിക ഭാഷാ നിയമത്തിൽ ബോധനമാധ്യമം മലയാളത്തിലാക്കാൻ നിർബന്ധിച്ചു കൊണ്ടുള്ള യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിൽ അപ്രകാരം വ്യവസ്ഥ ഉൾക്കൊള്ളി ച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസമേഖലയിൽ മാതൃഭാഷാപഠനം ശരിയാംവണ്ണം നടക്കുന്നതായി സമിതി വിലയിരുത്തുന്നു. ഇതേരീതിയിലുള്ള വ്യവസ്ഥകൾകൂടി മലയാളഭാഷാനിയമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

11. മേൽ സാഹചര്യത്തിൽ, സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ പ്രവർത്തി ക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം ഒരു നിർബന്ധ ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതിനും ആയത് നിയമപരമായി ഉറപ്പിക്കുന്നതിനും മലയാള ഭാഷാനിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബോധനമാധ്യമം മലയാളമായി തിരഞ്ഞെടുക്കുന്ന വിദ്യാലയങ്ങൾക്ക് അനുമതി നൽകുന്നതിന് പ്രത്യേക പരിഗണന വ്യവസ്ഥാപിതമാക്കണമെന്നും സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് മുൻഗണന നൽകണ മെന്നും സമിതി ശിപാർശ ചെയ്യുന്നു. മലയാളം പഠിപ്പിക്കാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നിഷേധിക്കുന്നതിനും ഒരിക്കൽ അനുമതി ലഭിച്ചശേഷം മലയാളപഠനം നടത്താതിരിക്കുന്ന വിദ്യാലയ അധികൃതർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഭാഷാനിയമത്തിൽ കൃത്യമായും ഉൾപ്പെടുത്തി യിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**നിയമപഠന നീതിനിർവ്വഹണ മേഖല**

12. കോടതിഭാഷ മലയാളമാക്കണമെന്ന ആവശ്യത്തിന് ദീർഘനാളത്തെ പഴക്കമുണ്ട്. കോടതികളിൽ മലയാളം ഔദ്യോഗികഭാഷയാക്കാനുള്ള ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കാതെ ഇന്നും അവശേഷിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ നീതിന്യായവ്യവസ്ഥ പൂർണ്ണമായും ജനകീയവൽക്കരിക്കപ്പെട്ടിട്ടില്ല. ഇതിന് ഭരണപരമായ ഏറ്റവും വലിയ തടസ്സം നമ്മുടെ കോടതിനടപടികൾ മാതൃഭാഷയായ മലയാളത്തിലല്ല എന്നതാണ്. അറിയാനുള്ള അവകാശം ജനാധിപത്യത്തിന്റെ ആണിക്കല്ലാണ്. എന്തു നിയമപരമായ നടപടിക്രമങ്ങളിലൂടെയാണ് തങ്ങളെ വിധേയരാക്കുന്നതെന്ന് വ്യക്തമായി അറിയാതെ നിരവധിപേർ ശിക്ഷാനടപടികൾക്ക് അടിപ്പെട്ടു കഴിയുന്നുണ്ട്. വളരെക്കുറച്ചുപേർക്കു മാത്രം അറിയുന്ന ഭാഷയിൽ കോടതിനടപടികൾ നടത്തുമ്പോൾ കാര്യങ്ങൾ അറിയാനുള്ള ജനങ്ങളുടെ അവകാശമാണ് നിഷേധിക്കപ്പെടുന്നത്. കോടതിനടപടികൾ മാതൃഭാഷയിലായിരിക്കണം എന്ന തത്ത്വം ആദ്യം അംഗീകരിച്ചവർ ഇംഗ്ലീഷുകാർ തന്നെയാണ്. ഫ്രഞ്ച് ആധിപത്യം അവസാനിപ്പിച്ചതിനുശേഷം മൂന്നു നൂറ്റാണ്ടുകാലം ഇംഗ്ലണ്ടിലെ കോടതിഭാഷ ഫ്രഞ്ചും ലാറ്റിനും മാത്രമായിരുന്നു. അടിസ്ഥാന ജനവിഭാഗങ്ങളുടെ മാതൃഭാഷയായ ഇംഗ്ലീഷ് കോടതിഭാഷയാക്കാൻ അവർക്ക് സമരം ചെയ്യേണ്ടിവന്നു. ഹൈക്കോടതിക്കു കീഴിലെ സിവിലും ക്രിമിനലുമായ കോടതികളിൽ വിധിപ്രസ്താവം തയ്യാറാക്കുന്നതിനും കോടതിനടപടികൾക്കും മലയാളംകൂടി ഉപയോഗിക്കാവുന്നതാണെന്ന് 1973-ൽ തന്നെ സർക്കാർ നിർദ്ദേശിച്ചിരുന്നു. [ആഭ്യന്തര (സി) വകുപ്പിന്റെ 11-5-1973-ലെ ജി.ഒ.(എംഎസ്.) 77/73/ആഭ്യന്തരം

നമ്പർ സർക്കാർ ഉത്തരവ്]. നീതി തേടി കോടതിയിലെത്തുന്ന സാധാരണക്കാരനും കോടതിനടപടികൾക്കും മധ്യേ നിലകൊള്ളുന്ന ഇരുമ്പുമറയാണ് ഇംഗ്ലീഷ് എന്നും അതുമാറിയാലേ കോടതിനടപടികളിൽ സാധാരണക്കാരന് സഹകരിക്കുവാൻ കഴിയുകയുള്ളൂവെന്നും ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി അഭിപ്രായപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച റിപ്പോർട്ട് 1981-ൽ സമർപ്പിച്ചുവെങ്കിലും ഇരുപത്തിയഞ്ചുവർഷങ്ങൾക്കുശേഷവും അതിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. നിയമവിദ്യാഭ്യാസം മലയാളത്തിലാക്കാൻ നടപടി കൈക്കൊള്ളണം. കൂടാതെ കീഴ്ക്കോടതിവിധികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാനുള്ള സംവിധാനവും ഉണ്ടാകണം. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി റിപ്പോർട്ടിൽ കീഴ്ക്കോടതികളിൽ ഔദ്യോഗിക ഭാഷ മലയാളത്തിൽ ആക്കുന്നതിനു മുന്നോടിയായി ചെയ്യേണ്ട ഏഴ് നിർദ്ദേശങ്ങളിന്മേൽ സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നകാര്യം പരിശോധിക്കണം. നീതിതേടി ആരും ഓടിച്ചെല്ലുന്ന ആദ്യത്തേയും അവസാനത്തേയും ആശ്രയസ്ഥാനം കോടതികളാണെന്നിരിക്കെ ആധുനിക ജനാധിപത്യത്തിന്റെ അടിത്തറയായ നീതിന്യായവ്യവസ്ഥ ഇക്കാരണത്താൽ വെറുംനോക്കുകുത്തിയായി മാറുന്ന അവസ്ഥയിലേക്ക് നമ്മുടെ സംവിധാനം മാറിക്കൊണ്ടിരിക്കുന്നു എന്നുപറഞ്ഞാൽ അത് അതിശയോക്തിയാവില്ല.

13. ഹൈക്കോടതി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ കോടതികളിലെ ന്യായാധിപന്മാരിൽ മറ്റുഭാഷകൾ മാതൃഭാഷയായി സ്വീകരിച്ചിട്ടുള്ളവർ ചെറിയൊരു ശതമാനം മാത്രമാണ്. സ്ഥിരീകരണത്തിനായി ഇക്കാര്യം വ്യക്തിഗത വിവരശേഖരണത്തിലുൾപ്പെടുത്തി ആയത് നീതിന്യായവ്യവസ്ഥയുടെ വെബ്സൈറ്റിൽ ചേർക്കുന്നത് ഉചിതമായിരിക്കും. ന്യായാധിപന്മാരുടെ ധിഷണാപാടവംകൊണ്ടും കോടതിനടപടികളിലെ ശക്തമായ പരിപാലനംകൊണ്ടും കോടതിഭാഷ മാതൃഭാഷയിലേക്കു മാറ്റുകയാണെങ്കിൽ അത് ശക്തമായി പരിപോഷിക്കപ്പെടുമെന്ന കാര്യം നിശ്ചയമായും ഉറപ്പിക്കാവുന്നതാണ്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിയമനം ലഭിക്കുന്നവർക്ക് അവരുടെ അധികാരപരിധിയിലെ ഭാഷയിന്മേൽ പരിശീലനം നൽകുന്നതുപോലെ അന്യഭാഷക്കാരിൽനിന്ന് നിയമനം ലഭിച്ചുവരുന്ന ന്യായാധിപന്മാർക്ക് അവരുടെ അധികാരപരിധിയിലെ പ്രാദേശികഭാഷയിൽ പരിശീലനം നൽകുന്നത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. നിലവിൽ ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ പോകേണ്ട അവസ്ഥയിൽ മാതൃഭാഷയിലുള്ള വിധികൾ ഒരു തടസ്സമായിത്തീരുന്നതാണ്. കൂടാതെ പരിഭാഷപ്പെടുത്തി ലഭിക്കുന്ന വിധിപ്പകർപ്പിന് കാലതാമസം ഉണ്ടാകാനുള്ള സാധ്യത മാതൃഭാഷയിലുള്ള വിധിനിർണ്ണയ വിഷയത്തെ പുറകോട്ടടിക്കുന്ന സംഗതിയാണ്. ഈ അവസ്ഥയിൽ വിധിപകർപ്പുകൾ വിധി പ്രസ്താവനയോടൊപ്പംതന്നെ ലഭിക്കുന്നതിനുള്ള സംവിധാനം കോടതി നടപടികളിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

14. കോടതിഭാഷയും നടപടികളും വിധിപ്പകർപ്പുകളും മാതൃഭാഷയിലാക്കുന്നതിനുള്ള അടിസ്ഥാനപ്രവർത്തനം തുടങ്ങേണ്ടത് മാതൃഭാഷയിലുള്ള നിയമപഠനത്തിൽ നിന്നുതന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. കമ്പ്യൂട്ടർപഠനം പ്രത്യേക പാഠ്യവിഷയമാക്കിയതുപോലെ നിയമപഠനം മാതൃഭാഷയിൽത്തന്നെ ഒരു പ്രത്യേക പാഠ്യ

വിഷയമാക്കി ചെറുക്ലാസുകളിൽനിന്ന് തുടങ്ങേണ്ടതാണ്. ഉയർന്നതലങ്ങളിലുള്ള നിയമപഠനം മാതൃഭാഷയിൽത്തന്നെ തുടരുന്നതിന് അത് സഹായകരമാകുന്നതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ വ്യവസ്ഥാപിതമാക്കുന്നതുവഴി മാതൃഭാഷാ പോഷണത്തിന് ശക്തമായ അടിത്തറ ലഭിക്കുമെന്ന് സമിതി ഉറച്ചു വിശ്വസിക്കുന്നു.

15. ജീവിക്കാനുള്ള അവകാശം പരിപൂർണ്ണമാകുന്നതിനാണ് അറിയാനുള്ള അവകാശംകൂടി ഭരണഘടനാപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അറിയാനുള്ള അവകാശം ഇന്ത്യൻ ഭരണഘടനയിൽ പരോക്ഷമായാണ് ഉറപ്പിക്കുന്നത്. മാതൃഭാഷ യിൽത്തന്നെ അറിയാനുള്ള അവകാശം വ്യവസ്ഥാപിതമാക്കുന്നതിന് ഭരണഘടനയിൽ തന്നെ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള വ്യവസ്ഥകൾ മാതൃഭാഷാപരിപോഷണത്തിന് അടിസ്ഥാനം ഉറപ്പിക്കുന്നവയാകയാൽ അറിയുന്ന തിനുള്ള അവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഭരണഘടനാഭേദഗതിക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

16. മേൽ സാഹചര്യത്തിൽ, നിയമപഠനം പ്രത്യേക പാഠ്യവിഷയമാക്കി ചെറു ക്ലാസുകളിൽനിന്ന് അവ മാതൃഭാഷയിൽത്തന്നെ തുടങ്ങുന്നതിനും ഐച്ഛിക നിയമ പഠനം മാതൃഭാഷയിൽത്തന്നെ നടത്തുന്നതിനും സംസ്ഥാനത്തെ എല്ലാ കോടതി വ്യവഹാരനടപടികളും സമ്പൂർണ്ണമായും സമയബന്ധിതമായും മാതൃഭാഷയിലാക്കുന്ന തിനുമുള്ള ശക്തമായ വ്യവസ്ഥകൾ മലയാളഭാഷ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നിയമനിർമ്മാണ മേഖല**

17. ജനാധിപത്യ വ്യവസ്ഥയിൽ ജനപ്രതിനിധി സഭകൾക്കാണ് നിയമനിർമ്മാണ ത്തിനുള്ള അധികാരം. പൊതുജന പ്രതിനിധികളാണ് സഭയിലെ അംഗങ്ങൾ. ചർച്ച കൾക്കും അഭിപ്രായപ്രകടനത്തിനും ഭേദഗതി നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനായി അർപ്പിക്കപ്പെടുന്ന ബില്ലുകൾ മാതൃഭാഷയിലായിരുന്നാൽ മാത്രമേ ബില്ലിന്റെ സാരാംശം പൂർണ്ണമായും ഉൾക്കൊളളാനും പ്രസ്തുത നിയമം ബാധകമാക്കുന്ന മേഖലയ്ക്കും ജീവരാശിക്കും ഉണ്ടാകുന്ന ഗുണദോഷവശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അക്കാര്യങ്ങൾ നിയമനിർമ്മാണത്തിൽ പ്രതിഫലിപ്പിക്കാനും കഴിയുകയുളളൂ. ഈ രീതിയിലുളള നിയമനിർമ്മാണത്തിന് മാത്രമേ ശ്രേഷ്ഠതയും ജനകീയതയും അവകാശപ്പെടാൻ സാധിക്കുകയുളളൂ. സാമാന്യജനത്തിന് മനസ്സിലാകാത്ത ഭാഷയിലും പ്രയോഗത്തിലും വാർത്തെടുക്കുന്ന നിയമത്തിന്റെ പ്രസക്തിതന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ഇതേ കാര്യങ്ങൾ തന്നെയാണ് ഉപനിയമനിർമ്മാണം നടത്തുമ്പോഴും പരിപാലിക്കപ്പെടേണ്ട സംഗതികൾ. ഇതോടൊപ്പം ഈ രീതിയിൽ തയ്യാറാക്കുന്നതും സംസ്ഥാനത്തിന് ബാധകമായതുമായ നിയമം കൈകാര്യം ചെയ്യേണ്ടിവരുന്നത് അന്യഭാഷക്കാരും ഉൾപ്പെടുന്ന ഉദ്യോഗസ്ഥരാണ്. ഇപ്രകാരത്തിൽ നിർമ്മിക്കുന്ന നിയമം പല സംസ്ഥാനങ്ങൾക്കും മാതൃകയും വഴികാട്ടിയുമാകാറുണ്ട്. ഈ സാഹചര്യങ്ങളെല്ലാം നിയമനിർമ്മാണവേളയിൽ കണക്കിലെടുക്കേണ്ട സംഗതികളാണ്. 1969-ലേയും 1973-ലേയും കേരള ഔദ്യോഗികഭാഷകൾ സംബന്ധിച്ച നിയമങ്ങളിൽ എല്ലാവിധത്തിലുമുള്ള

നിയമനിർമ്മാണത്തിനായി മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ദുർബലമായ രീതിയിലുള്ള വ്യവസ്ഥയിൽ നിയമനിർമ്മാണവേളയിൽ ഉപയോഗിക്കേണ്ട ഭാഷ തിരഞ്ഞെടുക്കുന്നതിൽ ചാഞ്ചാട്ടം ഉണ്ടാക്കുന്നതായി സമിതി വിലയിരുത്തുന്നു.

18. നിയമനിർമ്മാണവേളയിൽ ഉപയോഗിക്കേണ്ട ഭാഷ സംബന്ധിച്ചും അതിൽ മാതൃഭാഷയായ മലയാളത്തിന് പ്രാമുഖ്യം ഉറപ്പാക്കിക്കൊണ്ടും ഉത്തരവുകളും നിർദ്ദേശങ്ങളും വിവിധ അവസരങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വ്യക്തവും വ്യവസ്ഥാപിതവുമായ മാർഗ്ഗനിർദ്ദേശം നൽകുന്ന നിയമം ഈ രംഗത്ത് ഉണ്ടായിട്ടില്ല എന്ന കാര്യം സമിതി ഓർമ്മപ്പെടുത്തുന്നു. പലപ്പോഴും ഇംഗ്ലീഷിൽ അവതരിപ്പിക്കപ്പെടുന്ന 'ബിൽ', 'ആക്ട്' ആയ ശേഷമായിരിക്കും മലയാള പരിഭാഷ ലഭ്യമാകുന്നത്. ഈ വേളയിൽ മലയാള പരിഭാഷ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. കൂടാതെ വൈകി ഇറക്കുന്ന പരിഭാഷയിൽ പലപ്പോഴും സമഗ്രത ചോർന്നു പോയിട്ടുണ്ടായിരിക്കും.

19. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(2) പ്രകാരം ഇംഗ്ലീഷിൽ അധിനിയമം (എനാക്റ്റ്) ചെയ്യപ്പെട്ട മൂലനിയമത്തിന്റെ ഭേദഗതികൾ ഒഴികെയുള്ള എല്ലാ ബില്ലുകളും മലയാളഭാഷയിൽ മാത്രം അവതരിപ്പിക്കേണ്ടതും ചട്ടം 69(3) പ്രകാരം ബില്ലിന്റെ ചുമതലയുള്ള അംഗത്തിന് ബിൽ മലയാളഭാഷയിൽ അവതരിപ്പിക്കാൻ കഴിയാത്തപക്ഷം അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ട് അദ്ദേഹത്തിന് ബിൽ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കാൻ സ്പീക്കറുടെ മുൻകൂർ അനുമതി തേടേണ്ടതും ചട്ടം 69(5) പ്രകാരം ഒരു ബിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കേണ്ടിടത്ത് അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഭരണഘടനയുടെ അനുച്ഛേദം 348(3)-ന് അനുസൃതമായി ഗവർണ്ണറുടെ ആധികാരികതയ്ക്കു കീഴിൽ പ്രസിദ്ധീകരിക്കേണ്ടതും ബില്ലിന്റെ പകർപ്പുകൾ ബില്ലിന്റെ അവതരണ തീയതിക്കു മുമ്പ് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടതു മാണ്. ബിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നിടത്ത് ബില്ലിന്റെ മലയാളം പരിഭാഷ അതേരീതിയിൽ പ്രസിദ്ധീകരിക്കുകയും വിതരണംചെയ്യുകയും ചെയ്യേണ്ടതാണ്.

20. മേൽ സാഹചര്യത്തിൽ, എല്ലാനിയമനിർമ്മാണ അവസരങ്ങളിലും മലയാളം (മാതൃഭാഷ) നിയമനിർമ്മാണ ഭാഷയായി ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ മലയാളഭാഷാ നിയമത്തിൽ ഉണ്ടായിരിക്കണമെന്നും ഭാഷയുടെ ലാളിത്യം ഇത്തരത്തിൽ മുഖമുദ്രയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കമ്പ്യൂട്ടർ സാങ്കേതികമേഖല**

21. ആധുനികയുഗത്തിൽ വിവരസാങ്കേതിക രംഗത്ത് ദിനംപ്രതി വൻ മുന്നേറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കമ്പ്യൂട്ടർ അനുബന്ധ മേഖലകളിലും ആശയ വിനിമയരംഗത്തും വിവരശേഖരണത്തിലും ഉപഭോക്തൃസേവന രംഗത്തും നൂതന സാങ്കേതികവിദ്യകളെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവർ ആശ്രയിക്കേണ്ടി വരുന്നു. പ്രസ്തുത സാങ്കേതികവിദ്യകളിലെല്ലാം ഏതാണ്ട് പൂർണ്ണമായും ഇംഗ്ലീഷ് ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. വിവരസാങ്കേതികരംഗത്ത് ഇന്ന്

ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഭരണരംഗം കാര്യക്ഷമവും സുതാര്യവുമാക്കുവാനും ഭരണനേട്ടങ്ങൾ സാധാരണ ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കുവാനും പര്യാപ്തമാണ്. അത് ഫലവത്താകണമെങ്കിൽ വിവരസാങ്കേതികരംഗത്ത് സാധാരണജനങ്ങളുടെ ഭാഷയിൽ/മാതൃഭാഷയിൽ സംവദിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം സാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ വ്യാപനത്തിനായി മാതൃഭാഷയുടെ ഉപയോഗം സാങ്കേതികരംഗത്തും എത്തിക്കേണ്ടതുണ്ട്. കമ്പ്യൂട്ടർ ഉപയോഗത്തിൽ മലയാള ഭാഷയ്ക്ക് അനുയോജ്യമായ സ്ഥാനമുണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു. ഭാഷാവളർച്ചയുടെ ആക്കം ഈ മേഖലവഴി ത്വരിതപ്പെടുത്തി സമ്പൂർണ്ണത കൈവരിക്കാനാകുമെന്ന് സമിതി പ്രത്യാശിക്കുന്നു. മേൽക്കാര്യങ്ങൾ നിയമനിർമ്മാണംവഴി വ്യവസ്ഥാപിതമാക്കുകയാണെങ്കിൽ ബോധനമേഖലയിൽ സാങ്കേതികരംഗത്ത് വലിയ മാറ്റമുണ്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

22. മേൽ സാഹചര്യത്തിൽ, വിവരസാങ്കേതികരംഗത്ത് മലയാളഭാഷയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി സോഫ്റ്റ്വെയറുകളും അനുബന്ധ സങ്കേതങ്ങളും മലയാളത്തിൽ തയ്യാറാക്കുന്നതിനും വെബ്സൈറ്റുകളും അതുവഴിയുള്ള തിരയലുകളും ബോധന-സംവേദന പ്രക്രിയകളും മാതൃഭാഷയിലാക്കുന്നതിനുമുള്ള വ്യവസ്ഥകൾ മലയാളഭാഷാ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പര്യവേക്ഷണ-ഗവേഷണമേഖല**

23. ഏതൊരു മേഖലയിലുമെന്നപോലെ ഭാഷയുടെ മേഖലയിലും ഗവേഷണ പ്രവർത്തനങ്ങൾക്കും ഭാഷയുടെ പൈതൃകവും പൗരാണികതയും പുതിയ തലമുറയ്ക്കുകൂടി പകർന്നുനൽകുന്നതിൽ പര്യവേക്ഷണസംബന്ധിയായ കണ്ടെത്തലുകൾക്കും നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്നതാണ്. ഭാഷയുടെ ചരിത്രം, വികാസപരിണാമങ്ങൾ, വളർച്ചയുടെ കാലഘട്ടങ്ങൾ, ചരിത്രപ്രസിദ്ധമായ രചനകൾ, ഭാഷാവിദഗ്ദ്ധരുടെ ജീവചരിത്രം തുടങ്ങി നിരവധി കാര്യങ്ങൾ ക്രോഡീകരിച്ച് നിയതരൂപത്തിലാക്കി സൂക്ഷിക്കുന്നത് ഭാഷാപോഷണത്തിന് ആക്കംകൂട്ടുന്ന സംഗതികളാണ്. ഭാഷാസംബന്ധിയായ പര്യവേക്ഷണങ്ങൾ നടത്തിയാലേ ഇതെല്ലാം കണ്ടെത്താനും അവയുടെ വിശദാംശങ്ങൾ ഭാവിതലമുറയ്ക്കായി നിയതരൂപത്തിലാക്കുവാനും സാധിക്കുകയുള്ളൂ. നിലവിൽ വ്യക്തികളുടെ അഭിരുചിക്കനുസരിച്ച് മാത്രം നടക്കുന്ന സംരംഭങ്ങളാണ് ചരിത്രസംബന്ധിയായ ഇത്തരം പര്യവേക്ഷണങ്ങൾ. മാതൃഭാഷയ്ക്ക് അർഹമായ സ്ഥാനവും ശ്രേഷ്ഠതയും കൈവരിക്കാനാകണമെങ്കിൽ ചരിത്രപരമായ മഹത്വവും ശ്രേഷ്ഠതയും തെളിയിക്കാനാകണം. വ്യക്തിപരമായ പ്രവർത്തനങ്ങൾക്ക് പരിധിയുണ്ട്. അതിനാൽ പര്യവേക്ഷണ പ്രവർത്തനങ്ങൾ നടത്തിപ്പിച്ചെടുക്കുന്നതിന് നിയമപരമായ ബാധ്യത സ്ഥാപനങ്ങളിലും അതുവഴി വ്യക്തികളിലും നിക്ഷിപ്തമാകത്തക്കവിധത്തിൽ നിയമവ്യവസ്ഥകൾ ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

24. അതത് മേഖലകളിലെ പര്യവേക്ഷണ പ്രവർത്തനങ്ങളോടൊപ്പം, അതിനെക്കാളു മേറെ മേഖലയുടെ സർവ്വാത്മനായുള്ള വികസനത്തിൽ ഏറ്റവും മുന്തിയ സ്ഥാനമാണ് ഗവേഷണകാര്യങ്ങൾക്കുള്ളത്. പൊതു/സ്വകാര്യ മേഖലകളിൽ ഇന്ന് ഗവേഷണപ്രവർത്തനങ്ങൾക്ക് പ്രഥമ സ്ഥാനമാണ് കൽപ്പിച്ച് നൽകുന്നതും അവ അർഹിക്കുന്നതും. വരുമാനത്തിന്റെ നിശ്ചിതഭാഗം എപ്പോഴും ഗവേഷണകാര്യങ്ങൾക്ക് നീക്കിവച്ചുകൊണ്ടാണ് ഇവർ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നത്. ഭാഷയുടെ ലിപി പരിഷ്കരണം, പുതിയ പദങ്ങളുടെ കണ്ടെത്തലുകൾ, നൂതന സങ്കേതങ്ങൾ എന്നിവ കണ്ടെത്തുന്നതിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് കഴിയുന്ന താണ്. ഭാഷയുടെ വാമൊഴിയിലുള്ള പ്രാദേശിക ഭേദങ്ങൾക്ക് അവയുടെ സ്വത്വം നിലനിർത്തിക്കൊണ്ടുതന്നെ കൂടുതൽ ഗവേഷണം നടത്താനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. കാലത്തിനനുസൃതമായി നമ്മുടെ ഭാഷയ്ക്ക് സംഭവിച്ച മാറ്റങ്ങളും ഗവേഷണത്തിന് വിധേയമാക്കാൻ വേണ്ട സാഹചര്യം സൃഷ്ടിക്കേണ്ട തായിട്ടുണ്ട്. ഗവേഷണകാര്യങ്ങൾക്ക് ഇത്രയേറെ പ്രാധാന്യമുണ്ടെങ്കിലും നിലവിൽ അവയ്ക്ക് ഒരു വ്യവസ്ഥാപിത സ്ഥാനം നൽകുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നൂതന ആശയങ്ങളും കണ്ടുപിടിത്തങ്ങളും സങ്കേതങ്ങളും പ്രതീക്ഷിച്ച രീതിയിൽ രൂപപ്പെടുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

25. മേൽ സാഹചര്യത്തിൽ, മലയാളഭാഷാ നിയമനിർമ്മാണത്തിൽ പ്രസ്തുത പര്യവേക്ഷണ-ഗവേഷണ പദ്ധതികൾക്ക് പ്രമുഖ സ്ഥാനം നൽകുന്നതിനും ഇതിനാവശ്യമായ പ്രോത്സാഹന പദ്ധതികൾ സൃഷ്ടിക്കുന്നതിനും വ്യവസ്ഥകൾ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മാധ്യമ മേഖല**

26. പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ എല്ലാവിഭാഗം ജനങ്ങളെയും വളരെ എളുപ്പത്തിലും വേഗത്തിലും സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. പത്രമാധ്യമങ്ങളിൽ അക്ഷരത്തെറ്റുകളും വ്യാകരണത്തെറ്റുകളും വികലവാചകങ്ങളും കണ്ടുവരുന്നുണ്ട്. ആകാശവാണി, ദൂരദർശൻ പോലെയുള്ള സർക്കാർ സ്ഥാപനങ്ങൾ ഉച്ചാരണശുദ്ധി യിലും മലയാളത്തനിമയുള്ള പരിപാടികളുടെ ആവിഷ്കരണത്തിലും ശ്രദ്ധിക്കാറുണ്ടെങ്കിലും പല സ്വകാര്യ എഫ്.എം. റേഡിയോ സ്റ്റേഷനുകളും ടെലിവിഷൻ ചാനലുകളും വികലമായ മലയാള ഉച്ചാരണമുള്ള പരിപാടികൾ അവതരിപ്പിക്കുന്നത് സാധാരണയാണ്. ഇത്തരം നടപടികൾ ഭാഷാപരിപോഷണത്തെ പിന്നാട്ടടിക്കുന്ന താണ്. ഈ സാഹചര്യത്തിൽ നല്ല മലയാളത്തിലുള്ള പരിപാടികൾ തയ്യാറാക്കി പ്രക്ഷേപണവും സംപ്രേഷണവും നടത്തുന്നതിന് മാധ്യമങ്ങളെ പ്രേരിപ്പിക്കുന്ന തിനായി മലയാളഭാഷാ നിയമനിർമ്മാണത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

27. ആയതിനാൽ, മാധ്യമങ്ങളിലെ വാർത്തകളിലും പരിപാടികളിലുമുള്ള ഭാഷാശുദ്ധി നിരന്തരമായി നിരീക്ഷിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും മലയാളത്തിൽ മേന്മയുള്ളതും ഭാഷാപരിപോഷണത്തിന് ഇടയാക്കുന്നതുമായ പരിപാടികൾ അവതരിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹന ങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥകൾ മലയാളഭാഷാ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കലാസാംസ്കാരിക മേഖല**

28. സംഗീതം, നൃത്തം, ചിത്രരചന, നാടൻ കലാരൂപങ്ങൾ, പാട്ടുകൾ, കഥകളി, നാടകം, ചലച്ചിത്രം മുതലായ കലാരൂപങ്ങൾ നമ്മുടെ കലാസാംസ്കാരികരംഗത്തെ ധന്യമാക്കുന്നതോടൊപ്പം ഭാഷാപരിപോഷണത്തിന് ഇടയാക്കുന്ന സംഗതികളുമാണ്. അതിനാൽ മലയാളിത്തമുള്ള കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് നമ്മുടെ സംസ്കാരത്തിന്റെയും ഭാഷയുടെയും നിലനില്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. സംസ്കാരത്തിന്റെ വളർച്ച ഭാഷാപുരോഗതിക്ക് അടിത്തറപാകുന്നു. ഏറ്റവും ജനകീയമായ കലാരൂപമെന്ന നിലയിൽ ചലച്ചിത്രങ്ങൾ സമൂഹത്തെ നിലവിൽ വളരെയധികം സ്വാധീനിക്കുന്നുണ്ട്. സംഭാഷണത്തിലും അവതരണത്തിലും മലയാളത്തനിമയുള്ള ചിത്രങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. പുതുതലമുറ ചിത്രങ്ങൾ എന്നു വിവക്ഷിക്കപ്പെടുന്നവയിൽ ബഹുഭൂരിപക്ഷത്തിനും ആംഗലേയ പേരുകളാണ് നൽകിവരുന്നത്. ആയതിനാൽ, തനത് സംഗീതവും നൃത്തവും നാടൻ കലാരൂപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ മലയാളഭാഷ നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പേരിലും ഉള്ളടക്കത്തിലും മലയാളത്തനിമയുള്ള ചിത്രങ്ങൾക്ക് നികുതിയിളവ് നൽകുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭാഷാന്യൂനപക്ഷ മേഖല**

29. കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ (തമിഴ്, കന്നഡ) നിലവിൽ അവർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾക്ക് കോട്ടംതട്ടാത്ത തരത്തിൽ ആകണം നമ്മുടെ മലയാളഭാഷ നിയമനിർമ്മാണം നടത്തേണ്ടത്. ഭാഷാന്യൂനപക്ഷങ്ങൾക്ക് അവർ അനുഭവിച്ചുവരുന്ന ഭാഷാസ്വാതന്ത്ര്യം നഷ്ടപ്പെടുത്തരുതെന്നും നിയമനിർമ്മാണം നടപ്പിൽവരുമ്പോൾ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് ഹാനികരമാകുന്ന രീതിയിൽ ഒരു വ്യവസ്ഥയും ഉണ്ടാകരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സാമ്പത്തിക മേഖല**

30. ഭാഷാപരിപോഷണത്തെപ്പറ്റി ആലോചിക്കുമ്പോൾ അതിനായി ചെലവഴിക്കേണ്ടിവരുന്ന തുക, അത് കണ്ടെത്താനുള്ള മാർഗ്ഗം, ചെലവിടുന്ന രീതി, അതിലെ സുതാര്യത എന്നിവയെക്കുറിച്ചുകൂടി ആലോചിക്കേണ്ടിയിരിക്കുന്നു. ഭാഷാ വാരാഘോഷം, കർമ്മപദ്ധതി നടപ്പാക്കൽ, കോഡുകൾ, മാന്വലുകൾ എന്നിവയുടെ വിവർത്തനം, അച്ചടി, ഭരണഭാഷാ സഹായഗ്രന്ഥ വിതരണം, പരിശീലന പരിപാടികൾ തുടങ്ങിയ നിരവധി കാര്യങ്ങൾ കൃത്യമായ രീതിയിൽ ഭംഗംകൂടാതെ നടത്തിക്കുന്നതിന് ബജറ്റിംഗ് നടത്തേണ്ടതും തുക കണ്ടെത്തേണ്ടതുമാണ്. നിലവിൽ ഇക്കാര്യങ്ങൾ മറ്റ് ഓഫീസ് ചെലവുകളിൽനിന്ന് കണ്ടെത്തുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. കൂടാതെ, സാമ്പത്തിക വരുമാനമാർഗ്ഗം കണ്ടെത്തിയിട്ടുമില്ല. പല വകുപ്പുകളും തുകയുടെ അപര്യാപ്തത കണക്കിലെടുത്ത് പരിഭാഷാ പ്രവർത്തനങ്ങൾ നടത്താതിരിക്കുന്ന കാര്യം സമിതി കണ്ടെത്തുകയുണ്ടായി. ഭാഷാ

പരിപോഷണത്തിന് മറ്റ് സംസ്ഥാനങ്ങൾ വൻതുക ചെലവഴിക്കുമ്പോൾ നമ്മൾ ഇതിൽ നിഷ്കർഷ പാലിക്കാത്തത് ഭാഷാപരിപോഷണ പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടക്കാതെവരുന്നതിന് കാരണമായിത്തീർന്നിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

31. മേൽ സാഹചര്യത്തിൽ, മലയാള ഭാഷാപരിപോഷണ പ്രവർത്തനങ്ങൾക്കായി ഓരോവർഷവും ബജറ്റ് ഔട്ട്ലെയുടെ 0.05% തുക മാറ്റിവയ്ക്കണമെന്നും ബജറ്റിംഗ് പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുമ്പോൾ ഇക്കാര്യം ഓരോ ഓഫീസുകൾക്കും പ്രത്യേക നിർദ്ദേശമായിത്തന്നെ നൽകണമെന്നും അതിനായി പ്രത്യേക ശീർഷകം (ഹെഡ് ഓഫ് അക്കൗണ്ട്) അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**നിയമന മേഖല**

32. സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളും ഏറ്റവും താഴെത്തട്ടിൽ എത്തിച്ച് പൊതുജനങ്ങൾക്ക് പ്രാപ്യമാക്കിത്തീർക്കുന്നതും പൊതുജനങ്ങൾക്കും സർക്കാരിനും ഇടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുന്നതും സർക്കാർ ഉദ്യോഗസ്ഥരാണ്. മേൽ പ്രവർത്തനത്തിനുള്ള മാധ്യമമായി വർത്തിക്കേണ്ടത് മാതൃഭാഷയാണെന്നകാര്യം പ്രത്യേകം പ്രസ്താവിക്കേണ്ടതില്ല. അതിനാൽ മാതൃഭാഷാ പരിജ്ഞാനയോഗ്യത നേടിയിട്ടുള്ളവരെയാണ് ഉദ്യോഗസ്ഥരായി തിരഞ്ഞെടുക്കേണ്ടത്. വിദ്യാഭ്യാസം അതത് മാതൃഭാഷയിൽ നടത്തിയിട്ടുള്ളവർതന്നെയാണ് ഈ സ്ഥാനത്തേക്ക് ഏറ്റവും അനുയോജ്യരായിട്ടുള്ളത്. അതിനാൽ മലയാള മാധ്യമത്തിലുള്ള വിദ്യാഭ്യാസമോ മലയാളം ഒരു വിഷയമായി പഠിക്കുകയോ ചെയ്തിരിക്കണമെന്നകാര്യം ഓരോ തസ്തികയ്ക്കുംവേണ്ട യോഗ്യതയായി പരിഗണിക്കണമെന്ന് സമിതി വിലയിരുത്തുന്നു. ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരായി നിയമനം ലഭിച്ച് സംസ്ഥാനങ്ങളിലേക്ക് നിയമിക്കപ്പെടുന്നവർ അവരുടെ പ്രൊബേഷൻ കാലയളവിൽ അതത് സംസ്ഥാന ഭാഷകളിൽ പ്രാവീണ്യം തെളിയിക്കണമെന്ന് നിലവിൽ അവരുടെ നിയമന ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെപിന്നിൽ ഇതേലക്ഷ്യം തന്നെയാണെന്ന് സമിതി മനസ്സിലാക്കുന്നു. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിലും നിയമനയോഗ്യതയിൽ മലയാളത്തിലുള്ള വിദ്യാഭ്യാസത്തിന് അർഹമായ പരിഗണന നൽകുന്നതിലും ഭരണകർത്താക്കളിൽനിന്ന് വിട്ടുവീഴ്ചയില്ലാത്ത തീരുമാനം വളരെ മുൻപുതന്നെ ഉണ്ടാകേണ്ടതായിരുന്നുവെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. ശക്തമായ ഇത്തരം നീക്കങ്ങൾക്ക് മാത്രമേ സുനിശ്ചിതലക്ഷ്യം പ്രാപ്യമാകാനാകൂവെന്നും സമിതി വിവക്ഷിക്കുന്നു. ഉദ്യോഗം ലഭിച്ചശേഷം മലയാള ഭാഷാപരിജ്ഞാന യോഗ്യത നേടുന്നതിനുള്ള കാലാവധി പ്രൊബേഷൻ കാലത്തിനുപരിയായി ദീർഘിപ്പിച്ചുനൽകുന്നത് വിവേചനപരവും ലക്ഷ്യത്തിലേക്കുള്ള ആക്കം കുറയ്ക്കുന്നതിന് ഇടയാക്കുമെന്നും സമിതി വിലയിരുത്തുന്നു.

33. മേൽ സാഹചര്യത്തിൽ, ഒരു തസ്തികയിലേക്കുള്ള നിയമനത്തിൽ മലയാളത്തിലുള്ള വിദ്യാഭ്യാസം നിയമനയോഗ്യതയായിത്തന്നെ ഉൾപ്പെടുത്തണമെന്നും നിയമന പൊതുചട്ടങ്ങളിലും വകുപ്പുകളുടെ പ്രത്യേക ചട്ടങ്ങളിലും ഇക്കാര്യം സമയബന്ധിതമായി ഉൾപ്പെടുത്തണമെന്നും നിയമനത്തിനായുള്ള അഭിമുഖഘട്ടത്തിൽ ഇത്തരക്കാർക്ക് നിശ്ചിത മാർക്ക് നൽകണമെന്നും നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാതൃഭാഷാ

പരിജ്ഞാനയോഗ്യതകൂടി ചേർത്ത് പൊതുനിയമനചട്ടങ്ങളിലും പ്രത്യേക വകുപ്പു ചട്ടങ്ങളിലും മേൽരീതിയിൽ മാറ്റം വരുത്തണമെന്നും ഇക്കാര്യങ്ങൾ മലയാളഭാഷാ നിയമത്തിൽ വ്യവസ്ഥാപിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഭരണ മേഖല**

34. മാതൃഭാഷ സംബന്ധിച്ച വിവിധ നടപടികൾ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലാണ് സ്വീകരിച്ചുവരുന്നത്. ഇതിനാൽ കൃത്യമായ ഒരു ഏകോപന നടപടി സാധ്യമാകുന്നില്ല. ഒരു ഏകീകൃത നിരീക്ഷണ ഭരണസംവിധാന ത്തിന്റെ അഭാവമാണ് ഔദ്യോഗിക ഭാഷാമാറ്റപുരോഗതിക്ക് തടസ്സമായി നിൽക്കുന്ന ഘടകമെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം സംവിധാനത്തിന് മാത്രമേ മാതൃഭാഷയ്ക്ക് സർവ്വതോന്മുഖമായ പുരോഗതി നേടിക്കൊടുക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ മാതൃഭാഷാസംരക്ഷണവും പരിപോഷണവും ഉറപ്പുവരുത്തുക യെന്ന ലക്ഷ്യത്തോടെ പ്രസ്തുത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സെക്രട്ടേറി യറ്റിലെ സാംസ്കാരികകാര്യം, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ), നിയമം, ആഭ്യന്തരം, ഉന്നതവിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, പൊതു ഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട വിഭാഗങ്ങളെ നിലവിലുള്ള ഔദ്യോഗിക ഭാഷാവകുപ്പിൽ യോജിപ്പിക്കുകയും ഒരു മലയാള ഭാഷാവികസന വകുപ്പ് രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. ഇതുവഴി സെക്രട്ടേറിയറ്റ് തലത്തിൽ നയപരമായ കാര്യങ്ങൾക്ക് രൂപീകരണം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ മലയാള ഭാഷാവികസന വകുപ്പിന് കഴിയുന്നതാണ്. മലയാള ഭാഷാവികസന വകുപ്പിൽ മാതൃഭാഷ വിഭാഗം, പഠനഭാഷ വിഭാഗം, ഭരണഭാഷ വിഭാഗം, നിയമ/കോടതി വിഭാഗം, പരിഭാഷ വിഭാഗം, പരിശീലന വിഭാഗം, അവലോകന/പരിശോധന വിഭാഗം, പ്രചാരണ വിഭാഗം ഇപ്രകാരം ഏഴ് വിഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. നയരൂപീകരണങ്ങൾ നടപ്പിൽവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു മലയാളഭാഷാ ഡയറക്ടറേറ്റ് കൂടി സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതുവഴി മലയാള ഭാഷാപ്രയോഗ-പരിപോഷണ പ്രവർത്തനങ്ങളെ മറ്റ് ജോലികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താതെ നയരൂപീകരണവും കാര്യനിർവ്വഹണവും സ്വതന്ത്രവും വ്യക്തവും വ്യവസ്ഥാപിതവുമായ രീതിയിൽ പിൻതുടരാനാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

35. നിലവിൽ മലയാളഭാഷാപ്രയോഗപുരോഗതിയുടെ നയരൂപീകരണം, പ്രവർത്തനം, അവലോകനം എന്നിവ ഉന്നതതല/സംസ്ഥാനതല/വകുപ്പുതല/ജില്ലാതല/താലൂക്കുതല സമിതികളാണ് നിർവ്വഹിച്ചുവരുന്നത്. ഇതിൽ താലൂക്കുതല/ജില്ലാതല സമിതികളുടെ കാര്യക്ഷമമായ നടത്തിപ്പിൽ പോരായ്മകൾ ഉള്ളതായി സമിതി കണ്ടെത്തിയിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ പലപ്പോഴും ഹാജരാകുന്നില്ല. ആകയാൽ ഇത്തരം സമിതികളും അവയുടെ പ്രവർത്തനവും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിലൂടെ പ്രവർത്തനങ്ങൾക്ക് നിയമസാധുതയും ബാധ്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താനാകുമെന്ന് സമിതി വിലയിരുത്തുന്നു.

36. മേൽ സാഹചര്യത്തിൽ, മലയാളഭാഷാ വികസനവകുപ്പ്, മലയാളഭാഷാ ഡയറക്ടറേറ്റ്, നിലവിലെ വിവിധ സമിതികളുടെ രൂപീകരണം, പ്രവർത്തനം, ഏകോപനം എന്നിവ വ്യവസ്ഥാപിതപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ മലയാള ഭാഷാനിയമത്തിൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദവിക്ക് അനുസൃതമായ രീതിയിൽ ഭാഷാപ്രവർത്തനങ്ങൾ തുടർന്ന് പോകേണ്ടതിന്റെ ഭാരിച്ച ചുമതല മലയാളികളായ നാമോരോരുത്തരിലും വന്നു ചേർന്നിരിക്കുകയാണ്. പ്രസ്തുത ചുമതല സ്തുത്യർഹമായ രീതിയിൽ നിർവ്വഹിക്കുന്നതിന് ബാഹ്യമായ പ്രചോദനങ്ങളെക്കാളുപരി സ്വമേധയായുള്ള പ്രവർത്തനങ്ങളും ഒത്തൊരുമയോടെയുള്ള കൂട്ടായ്മയും ആവശ്യമാണെന്ന് സമിതി വിശ്വസിക്കുന്നു. മലയാളഭാഷാനിയമത്തിന്റെ വ്യവസ്ഥകൾ പ്രസ്തുത സ്വമേധയായുള്ള പ്രവർത്തനങ്ങൾക്കും കൂട്ടായ്മകൾക്കും പ്രചോദനമായിത്തീരട്ടെയെന്ന് സമിതി പ്രത്യാശിക്കുന്നു. സമൂഹത്തിന്റെ നാനാവിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഘടനാപരമായ ശൈലിയും നിയമത്തിലധിഷ്ഠിതമായ അടിത്തറയും നൽകുകയാണ് പ്രസ്തുത മേഖലയിലെ നിയമനിർമ്മാണംവഴി പ്രാപ്യമാക്കുന്നത്. മലയാളഭാഷാനിയമം മലയാളഭാഷയുടെ വികസനത്തിന് ആവശ്യമായ അടിത്തറയും പ്രവർത്തനത്തിന് വേണ്ട ദിശാബോധവും നൽകുന്നതാണ്. പ്രസ്തുത നിയമനിർമ്മാണംവഴി ഓരോ മലയാളിയിലും നിക്ഷിപ്ത മാകുന്ന ബാധ്യത ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും സ്വയം ഉണ്ടാകുന്ന തിരിച്ചറിവിലൂടെയും അവരവരുടെ കടമയാണെന്ന യാഥാർത്ഥ്യമായി മാറണമെന്നും സമിതി പ്രത്യാശിക്കുന്നു. ഓരോ മലയാളിയും തങ്ങളുടെ അന്തരാത്മാവിൽ മലയാള ഭാഷയ്ക്ക് നൽകുന്ന സ്ഥാനം, സ്നേഹം ഒന്നുകൂടി ഉറപ്പിക്കുന്നതിനും ഭാഷാ വികസനം ത്വരിതപ്പെടുത്തി ലോകോത്തര ഭാഷാപദവി മലയാളത്തിന് ലഭ്യമാക്കുന്ന തിനുമുള്ള സാഹചര്യം മലയാളഭാഷാനിയമനിർമ്മാണംവഴി സംജാതമാകട്ടെയെന്നും സമിതി ആഗ്രഹിക്കുന്നു.

തിരുവനന്തപുരം,
2013 നവംബർ 12.

പാലോട് രവി,

*അദ്ധ്യക്ഷൻ,*
*ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി.*

അനുബന്ധം

## സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും

1. സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം ഒരു നിർബന്ധ ഒന്നാംഭാഷയായി പഠിപ്പിക്കുന്നതിനും ആയത് നിയമപരമായി ഉറപ്പിക്കുന്നതിനും മലയാളഭാഷാനിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബോധന മാധ്യമം മലയാളമായി തിരഞ്ഞെടുക്കുന്ന വിദ്യാലയങ്ങൾക്ക് അനുമതി നൽകുന്നതിന് പ്രത്യേക പരിഗണന വ്യവസ്ഥാപിതമാക്കണമെന്നും സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് മുൻഗണന നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. മലയാളം പഠിപ്പിക്കാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നിഷേധിക്കുന്നതിനും ഒരിക്കൽ അനുമതി ലഭിച്ചശേഷം മലയാളപഠനം നടത്താതിരിക്കുന്ന വിദ്യാലയ അധികൃതർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഭാഷാനിയമത്തിൽ കൃത്യമായും ഉൾപ്പെടുത്തിയിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. നിയമപഠനം പ്രത്യേക പാഠ്യവിഷയമാക്കി ചെറുക്ലാസുകളിൽനിന്ന് അവ മാതൃഭാഷയിൽത്തന്നെ തുടങ്ങുന്നതിനും ഐച്ഛിക നിയമപഠനം മാതൃഭാഷയിൽത്തന്നെ നടത്തുന്നതിനും സംസ്ഥാനത്തെ എല്ലാ കോടതി വ്യവഹാരനടപടികളും സമ്പൂർണ്ണമായും സമയബന്ധിതമായും മാതൃഭാഷയിലാക്കുന്നതിനുമുള്ള ശക്തമായ വ്യവസ്ഥകൾ മലയാളഭാഷ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. എല്ലാനിയമനിർമ്മാണ അവസരങ്ങളിലും മലയാളം (മാതൃഭാഷ) നിയമ നിർമ്മാണ ഭാഷയായി ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ മലയാളഭാഷാനിയമത്തിൽ ഉണ്ടായിരിക്കണമെന്നും ഭാഷയുടെ ലാളിത്യം മുഖമുദ്രയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. വിവരസാങ്കേതിക രംഗത്ത് മലയാളഭാഷയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി സോഫ്റ്റ്‌വെയറുകളും അനുബന്ധ സങ്കേതങ്ങളും കഴിയുന്നത്ര മലയാളത്തിൽ തയ്യാറാക്കുന്നതിനും വെബ് സൈറ്റുകളും അതുവഴിയുള്ള തിരയലുകളും ബോധന-സംവേദന പ്രക്രിയകളും മാതൃഭാഷയിലാക്കുന്നതിനുമുള്ള വ്യവസ്ഥകൾ മലയാളഭാഷാ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. മലയാള ഭാഷാനിയമനിർമ്മാണത്തിൽ പ്രസ്തുത പര്യവേക്ഷണ-ഗവേഷണ പദ്ധതികൾക്ക് പ്രമുഖ സ്ഥാനം നൽകുന്നതിനും ഇതിനാവശ്യമായ പ്രോത്സാഹന പദ്ധതികൾ സൃഷ്ടിക്കുന്നതിനും വ്യവസ്ഥകൾ കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. മാധ്യമങ്ങളിലെ വാർത്തകളിലും പരിപാടികളിലുമുള്ള ഭാഷാശുദ്ധി നിരന്തരമായി നിരീക്ഷിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും മലയാളത്തിൽ മേന്മയുള്ളതും ഭാഷാപരിപോഷണത്തിന് ഇടയാക്കുന്നതുമായ

പരിപാടികൾ അവതരിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹനങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥകൾ മലയാളഭാഷാ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. തനത് സംഗീതവും നൃത്തവും നാടൻ കലാരൂപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ മലയാളഭാഷാനിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പേരിലും ഉള്ളടക്കത്തിലും മലയാളത്തനിമയുള്ള ചിത്രങ്ങൾക്ക് നികുതിയിളവ് നൽകുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ഭാഷാന്യൂനപക്ഷങ്ങൾക്ക് അവർ അനുഭവിച്ചുവരുന്ന ഭാഷാസ്വാതന്ത്ര്യം നഷ്ടപ്പെടുത്തരുതെന്നും നിയമനിർമ്മാണം നടപ്പിൽവരുമ്പോൾ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് ഹാനികരമാകുന്ന രീതിയിൽ ഒരു വ്യവസ്ഥയും ഉണ്ടാകരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. മലയാളഭാഷാ പരിപോഷണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ബഡ്ജറ്റ് ഔട്ട്ലെയുടെ 0.05% തുക മാറ്റിവയ്ക്കണമെന്നും ബഡ്ജറ്റിംഗ് പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുമ്പോൾ ഇക്കാര്യം ഓരോരോ ഓഫീസുകൾക്ക് പ്രത്യേക നിർദ്ദേശമായിത്തന്നെ നൽകണമെന്നും അതിനായി പ്രത്യേക ശീർഷകം (ഹെഡ് ഓഫ് അക്കൗണ്ട്) അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ഒരു തസ്തികയിലേക്കുള്ള നിയമനത്തിൽ മലയാളത്തിലുള്ള വിദ്യാഭ്യാസം നിയമനയോഗ്യതയായിത്തന്നെ ഉൾപ്പെടുത്തണമെന്നും നിയമന പൊതുചട്ടങ്ങളിലും വകുപ്പുകളുടെ പ്രത്യേക ചട്ടങ്ങളിലും ഇക്കാര്യം സമയബന്ധിതമായി ഉൾപ്പെടുത്തണമെന്നും നിയമനത്തിനായുള്ള അഭിമുഖഘട്ടത്തിൽ ഇത്തരക്കാർക്ക് നിശ്ചിത മാർക്ക് നൽകണമെന്നും നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാതൃഭാഷാ പരിജ്ഞാനയോഗ്യതകൂടി ചേർത്ത് പൊതുനിയമനചട്ടങ്ങളിലും പ്രത്യേക വകുപ്പുചട്ടങ്ങളിലും മേൽരീതിയിൽ മാറ്റം വരുത്തണമെന്നും ഇക്കാര്യങ്ങൾ മലയാളഭാഷാ നിയമത്തിൽ വ്യവസ്ഥാപിതമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. മലയാള ഭാഷാവികസനവകുപ്പ്, മലയാള ഭാഷാഡയറക്ടറേറ്റ്, നിലവിലെ വിവിധ സമിതികളുടെ രൂപീകരണം, പ്രവർത്തനം, ഏകോപനം എന്നിവ വ്യവസ്ഥാപിതപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ മലയാളഭാഷാനിയമത്തിൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.